പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 468 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്; | (എ) | JnNURM പദ്ധതിയിൽപ്പെട്ട 314 ബസ്സുകൾ ഉൾപ്പടെ 6,107 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. |
| (ബി) | ഡീസൽ വില വർദ്ധിച്ചതുമൂലം എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്; | (ബി) | ഡീസൽ വില വർദ്ധിച്ചുവെങ്കിലും അതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ദിനംപ്രതിയുള്ള നഷ്ടം ശരാശരി എത്ര രൂപയാണ്; | (സി) | ദിനംപ്രതിയുള്ള നഷ്ടം ഏകദേശം 3 കോടി 14 ലക്ഷം രൂപ. |
| (ഡി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഡീസൽ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും വിപണി വിലക്ക് ഡീസൽ നിറയ്ക്കുന്നതിനെ സംബന്ധിച്ച് പഠിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ